## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

18.12.2014 -ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4785

## പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമി

### ചോദ്യം

ശ്രീ.റ്റി.എ.അഹമ്മദ് കബീർ

(എ) ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമിയിൽ നിന്നും ഇരുപത് സെന്റ് ഭൂമി മക്കരപറമ്പ് പഞ്ചായത്തിന് കൈമാറി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ജലവിഭവ വകുപ്പ് മന്ത്രിയുടെ തീരുമാനപ്രകാരം വിട്ട് നൽകിയ പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

### മറുപടി

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) & (ബി) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുളള ഭൂമി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പതിച്ച നൽകുന്നതിനുളള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ 21.08.2014-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി 22.12.2000-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 387/2000/റവ പ്രകാരം ഇറിഗേഷൻ ഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുന്ന നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണാനുമതിയുൾപ്പെടെ 22.12.2000-ലെ ടി ഉത്തരവ് പ്രകാരമുളള നടപടികൾ സ്വീകരിച്ചതിനുശേഷം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 05.11.2014-ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ